**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2110** **12-09-2023 - ൽ മറുപടിയ്ക്ക്**

**വടക്കാഞ്ചേരി ഗവ. ബോയ്സ് സ്കൂൾ ഗ്രൗണ്ട് നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി** | | **ശ്രീ. വി. അബ്ദുറഹിമാൻ (ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി)** | |
| (എ) | ഒരു പഞ്ചായത്ത് ഒരു കളിക്കളം എന്ന പദ്ധതിയിലുൾപ്പെടുത്തിയ വടക്കാഞ്ചേരി ഗവൺമെന്റ് ബോയ്സ് സ്കൂൾ ഗ്രൗണ്ടിന്റെ നിർമ്മാണ പ്രവർത്തനങ്ങളുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ? | (എ) | ഒരു പഞ്ചായത്തിൽ ഒരു കളിക്കളം പദ്ധതിയിൽ ഉൾപ്പെട്ട വടക്കാഞ്ചേരി ഗവ.ബോയ്സ് സ്കൂൾ ഗ്രൗണ്ട് നിർമ്മിക്കുന്ന പദ്ധതിയ്ക്ക് പ്ലാൻ ഫണ്ടിൽ നിന്നും എം.എൽ.എ ഫണ്ടിൽ നിന്നും ഭരണാനുമതി പുറപ്പെടുവിച്ചിട്ടുണ്ട്. നിലവിൽ ഒരു പഞ്ചായത്ത് ഒരു കളിക്കളം പദ്ധതിയുമായി ബന്ധപ്പെട്ട് ലഭിക്കുന്ന, വിവിധയിടങ്ങളിൽ നിന്നുള്ള തുകകൾ നിക്ഷേപിക്കുന്നതിന് മാത്രമായി കായിക യുവജനകാര്യ ഡയറക്ടറുടെ പേരിൽ ഒരു പലിശ രഹിത സെപ്ഷ്യൽ ട്രഷറി സേവിംഗ്സ് ബാങ്ക് അക്കൗണ്ട് ആരംഭിക്കുന്നതിനുള്ള അനുമതിയും ലഭ്യമാക്കിയിട്ടുണ്ട്.<br><br>ഒരു പഞ്ചായത്തിൽ ഒരു കളിക്കളം പദ്ധതിയ്ക്ക് ഭരണാനുമതി നൽകുന്നതിനായി പുതുക്കിയ മാർഗ്ഗ നിർദ്ദേശങ്ങൾ (SoP) പുറപ്പെടുവിക്കുന്നത് ധനകാര്യ വകുപ്പുമായി ബന്ധപ്പെട്ട് പരിശോധിച്ച് വരുന്നു. ആയത് പുറപ്പെടുവിക്കുന്ന മുറയ്ക്ക് പ്രസ്തുത പ്രവൃത്തിയ്ക്കായി സാങ്കേതികാനുമതി നൽകി ദർഘാസ് ക്ഷണിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ